# INTERNATIONAL INDIAN SCHOOL RIYADH

**SUMMATIVE ASSESSMENT -I- 2014-15**

**STD-VII MAX.MARKS:90**

**SUB-MALAYALAM TIME:3hrs**

## SECTION-A

**I.** അർഥം എഴുതുക (5)

1.ആരാഞ്ഞു 2.പ്രകൃതം 3.അഭിരുചി 4.പ്രമുഖം 5.വിത്തം 6.പക്ഷം

7.മർത്യൻ 8.വ്യത്യസ്തം 9.നേത്രം 10.ആഗമം

(നെഞ്ച്, സ്വഭാവം, മനുഷ്യൻ, വംശം, ചോദിച്ചു, പ്രധാനം, പ്രദാനം, ഭാഗം, പലതരം, ഇഷ്ടം, തീരം, വരവ്, കാഴ്ച ,കണ്ണ്, ധനം,ദാനം)

**II.** പര്യായപദംഎഴുതുക(രണ്ട്‌വീതം) (5)

1.ആരംഭം 2.അടർ 3.യാത്ര 4.കനകം 5.ദയ

(യുദ്ധം, തുടക്കം, നൃപൻ, ഉപക്രമം, ചോര, യാനം, പോര്, പാര്, സ്വർണം, സഞ്ചാരം, കരുണ, ഭൂമി, അനുകമ്പ,കാഞ്ചനം)

**III.** വിപരീതപദംഎഴുതുക (5)

1.വിജയം 2.ഉപേക്ഷ 3.ശ്രദ്ധ 4.സുഖം 5.പുരാതനം

(പരാജയം, അനപേക്ഷ, അശ്രദ്ധ, അവിജയം, അപേക്ഷ, അപുരാതനം, നവീനം, ദുഃഖം , സശ്രദ്ധ )

**IV.** നാനാർഥംഎഴുതുക(രണ്ട്‌വീതം) (5)

1.മേനി 2.അടി 3.പ്രകാശം 4.ഗുരു 5.വചനം.

(വാക്ക്, ഒളി, തെല്ല്, തല്ല്, ഗുണം, പാദം, പാടം,അധ്യാപകൻ, അഹങ്കാരം, പാഠം, ശരീരം, ഭരണാധികാരി)

**V.** അർഥവ്യത്യാസം (5)

1.ധൂമം-ധാമം 2.ലോകം-ലോമം 3.ശ്രമം-ശ്രാമം 4.ശമം-ശ്യാമം

(ശാന്ദി ,ശാന്തി, ഗൃഹം, പുക, പുഗ, കറുപ്പ്, ഉലകം, ഉലഗം, സമയം, രോമം, അധ്വാനം)

**VI**. വിഗ്രഹിച്ചെഴുതുക (6)

1.തനതുകല 2.മനുഷ്യമനസ്സ് 3.ഗ്രാമപതി 4.കലാലയം 5.ഗുരുകുലം 6.പ്രകാശ വസ്തു.

**VII**.പിരിച്ചെഴുതുക. *(6)*

1.ഇവയെല്ലാം 2.മനോഹരമായ 3.കോരിച്ചൊരിയുന്ന 4.മോദമപ്പോൾ 5.കണ്ടെത്തുക 6.വിത്തമെന്തിന്.

**VIII**.വാക്യത്തിൽ പ്രയോഗിക്കുക.

1.തന്ത്രം പ്രയോഗിക്കുക 2.അഭിരുചി 3. ഉറ്റുനോക്കുക. (3)

## SECTION – B

**I**.ശരിയായ ഉത്തരം എഴുതുക. (6)

1.ഉള്ളൂർ എഴുതിയ മഹാകാവ്യം ഏത് ?

(പിംഗള, ഉമാകേരളം, ദീപാവലി)

2.രമണകൻ മത്സരത്തിനു കൊണ്ടുവന്ന വസ്തു എന്തായിരുന്നു.?

(വിളക്ക്, വൈരക്കല്ല്, അമേറ്റപക്ഷി) ?

3.നിളയുടെ മറ്റൊരു പേരെന്ത്.?

(ഗംഗ, കാവേരി, ഭാരതപ്പുഴ) .

4, പുലർവേളയിൽ നമ്മുടെ പുറങ്കണ്ണ് തുറപ്പിക്കുന്നതാരാണ്?

(ആശാൻ, അംശുമാൻ, ധനം) .

5.ഒരു വ്യാഴവട്ടക്കാലം എന്നതുകൊണ്ട് അർഥമാക്കുന്നത് എന്താണ്?

(പന്ത്രണ്ടു ദിവസം, പത്തു വർഷം, പന്ത്രണ്ടു വർഷം)

6.ഒടുവിലത്തെ പെരുമാൾ മാമാങ്കം നടത്താനുള്ള അവകാശം ആരെയാണ് ഏൽപിച്ചത്.?

(സാമൂതിരിയെ, പോർച്ചുഗീസുകാരെ, വള്ളുവനാട്ടുരാജാവിനെ)

(4×2=8)

**II.** ഉത്തരമെഴുതുക.

1.നിളാനദി ഉത്ഭവിക്കുന്നത് എവിടെ നിന്ന്? പതിക്കുന്നത് എവിടെ?

2.നിളയുടെ തീരത്തുള്ള പുരാതനപ്രസിദ്ധമായ ക്ഷേത്രങ്ങളേത്?

3.വിജയമിത്രന് സമ്മാനം ലഭിക്കാൻ കാരണമെന്ത്?

4.മർത്ത്യനു വിത്തത്തിന്റെ ആവശ്യമില്ലാതാകുന്നതെപ്പോൾ?

**III.** ഏതെങ്കിലും മൂന്നെണ്ണത്തിന്. ഉത്തരമെഴുതുക .. (3×3=9)

1.അന്നം നൽകുന്നവനും, വിദ്യനൽകുന്നവനും തമ്മിലുള്ള വ്യത്യാസം എന്ത്?

2.സാമൂതിരി ആരിൽനിന്ന്, എങ്ങനെ, മാമാങ്കം നടത്താനുള്ള അവകാശം തട്ടിയെടുത്തു?

3.ഏറ്റവും വിലപിടിപ്പുള്ള വസ്തു തേടിപ്പോയ വിജയമിത്രൻ എന്താണു ചെയ്തത്?

4.നിളാതീരത്ത് ജനിച്ചു വളർന്ന സാഹിത്യകാരൻമാർ ആരെല്ലാം?

**IV.** ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക. (1×6=6)

1.വിദ്യ മഹാധനമാണെന്നു പറയുന്നതെന്തുകൊണ്ട്?

2.കേരള കലാമണ്ഡലത്തെക്കുറിച്ച് ഒരു ഖണ്ഡിക എഴുതുക.

## SECTION-C

(5×1=5)

**I.** പ്രയോഗം മാറ്റുക.

1. മനുഷ്യർ സംസ്കാരം നേടണം.
2. കുമാരനാശാൻ എഴുതിയ കാവ്യമാണ് നളിനി.
3. കള്ളം എന്നാൽ പറയപ്പെട്ടിട്ടുണ്ട്.
4. വിദ്യാർഥികൾ അധ്യാപികയാൽ ഉപദേശിക്കപ്പെട്ടു.
5. അമ്മ കുഞ്ഞിനെ ഉറക്കുന്നു.

## SECTION-D

I..ആശയം വിശദമാക്കുക. (1×8=8)

'പലതുള്ളി പെരുവെള്ളം'

II.താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ഉത്തരമെഴുതുക.

മലയാളക്കരയിലെ സാധാരണ ജനങ്ങളുടെ മനസ്സിൽ വേരുറച്ചു പോയ സൂക്തവാക്യങ്ങളാണ് പഴഞ്ചൊല്ലുകൾ.ദൈനംദിന ജീവിതത്തിന്റെ കഷ്ടപ്പാടുകളും,ദുരിതങ്ങളും വളരെ ലളിതമായി കാണാനും ഇരുത്തി ചിന്തിപ്പിക്കാനും പഴഞ്ചൊല്ലുകൾ സഹായിക്കുന്നു. സമൂഹത്തിൽ പണ്ടു മുതലേ പലരും പറഞ്ഞു വന്ന ചൊല്ലുകളാണിത്.''കാര്യഗർഭങ്ങളും, ഹൃദയസ്പൃക്കുകളും, സർവ്വോപരി സമുല്ലസ്തിതങ്ങളും ആയ ചെറിയ വാക്യങ്ങളാണവ'' എന്നാണ് പഴഞ്ചൊല്ലുകളെപ്പറ്റി ഉള്ളൂരിന്റെ അഭിപ്രായം. പഴഞ്ചൊല്ലുകൾ വാമൊഴിയായി സമൂഹത്തിൽ പ്രചരിച്ചവയാണ്.പഴയ മനുഷ്യന്റെ വികാരങ്ങളും സൗന്ദര്യസങ്കല്പവും, ഐകമത്യവും പഴഞ്ചൊല്ലുകളിൽ നമുക്ക് കാണാൻ കഴിയും.'പലതുള്ളിപെരുവെള്ളം' 'സൂക്ഷിച്ചാൽ ദു:ഖിയ്ക്കേണ്ട' 'അഴകുള്ള ചക്കയിൽചുളയില്ല'' മുതലായവ പഴഞ്ചൊല്ലുകൾക്ക് ചില ഉദാഹരണങ്ങളാണ്.

1. പഴഞ്ചൊല്ലുകൾ എങ്ങനെയാണ് സമൂഹത്തിൽ പ്രചരിച്ചിട്ടുള്ളത്? (4×2=8)
2. ഏതെങ്കിലും രണ്ട് പഴഞ്ചൊല്ലുകൾ എടുത്തെഴുതുക.
3. പഴയ മനുഷ്യന്റെ എന്തെല്ലാം പ്രത്യേകതകളാണ് പഴഞ്ചൊല്ലുകളിൽ കാണപ്പെടുന്നത്?
4. പഴഞ്ചൊല്ലുകളെപ്പറ്റി ഉള്ളൂരിന്റെ അഭിപ്രായമെന്ത്?